പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.288 — 29/1/2014- ൽ മറുപടിയ്ക്ക്

# സ്വാഭാവിക റബ്ബറിന്റെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ<br>'' കോടിയേരി ബാലകൃഷ്ണൻ<br>'' രാജു എബ്രഹാം<br>'' ജെയിംസ് മാത്യു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തെ റബ്ബർ കർഷകരെ ഏതുവിധത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തി യിട്ടുണ്ടോ ; വിശദാംശ ങ്ങൾ നൽകാമോ; | (എ) സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് റബ്ബർ കർഷകരെ വളരെയധികം ദോഷകരമായി ബാധിച്ചിട്ടുണ്ട്. 2011 ഏപ്രിൽ മാസത്തിൽ ക്വിന്റലിന് 24300 രൂപയായിരുന്ന സ്വാഭാവിക റബ്ബറിന്റെ വില ഇപ്പോൾ ക്വിന്റലിന് 15050 രൂപയാണ്. റബ്ബർ വില കുറയുകയും ഉല്പാദന ചെലവ് കൂടുകയും ചെയ്തതിനാൽ കർഷകർക്ക് താരതമ്യേന ലാഭം കുറയുകയുണ്ടായി. |
| (ബി) റബ്ബറിന്റെ അനിയന്ത്രിതമായ ഇറക്കു മതി തടയുന്നതിന് നടപടി കൈക്കൊ ള്ളണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ സർക്കാർ തയ്യാറാകുമോ; | (ബി) റബ്ബർ വിലയിടിവ് നേരിടുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്നു ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല പ്രാവശ്യമായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) വൻകിട ടയർ നിർമ്മാതാക്കൾക്കാവ ശ്യമുള്ളത്രയും റബ്ബർ കുറഞ്ഞ നിര ക്കിലുള്ള തീരുവയിൽ അവർ ഇറക്കു മതി ചെയ്തതിന് ശേഷം തീരുവയിൽ വർദ്ധനവ് വരുത്തിയ കേന്ദ്രസർക്കാർ | (സി) ആഭ്യന്തര മാർക്കറ്റിൽ നിന്നും സ്വാഭാവിക റബ്ബർ സംഭരിക്കുന്നതിന് പുറമേ വൻകിട ടയർ നിർമ്മാതാക്കൾ രാജ്യത്ത് ഇതിന്റെ ഇറക്കുമതിയും ആവശ്യാനുസരണം നടത്തുന്നുണ്ട്. അന്താരാഷ്ട്രമാർക്കറ്റിൽ |

| | | | |
|---|---|---|---|
| | നടപടി റബ്ബർ വിലയിടിവ് തടയുന്നതിന് സഹായകരമായിട്ടില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | | റബ്ബറിന് വില കുറയുന്ന സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ആയതിനാലാണ് റബ്ബർ ഇറക്കുമതി തുടരുന്നത്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തീരുവ കൂട്ടിക്കൊണ്ട് കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ പ്രകാരം 2013 ഡിസംബർ 20 മുതൽ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണ് കുറവ് ആ നിരക്ക് എന്നാക്കി വർദ്ധിപ്പിച്ചതിന് ശേഷം ഇറക്കുമതി അത്ര കണ്ട് ആകർഷകമല്ല. |
| (ഡി) | ഇത്തരം സ്ഥിതിവിശേഷം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (ഡി) | വിദേശത്ത് നിന്നും റബ്ബർ ഇറക്കുമതി നടക്കുന്നത് മൂലമുണ്ടാകുന്ന വിലയിടിവിൽ നിന്നും റബ്ബർ കർഷകരെ രക്ഷിക്കുവാൻ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ പല നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**